# പതിമൂന്നാം കേരള നിയമ സഭ
## പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 612

29.06.2015-ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങളുടെ ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ചോദ്യം

ശ്രീ. തോമസ് ഉണ്ണിയാടൻ.

മറുപടി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | അക്ഷയ കേന്ദ്രങ്ങൾക്കു മേൽ സർക്കാരിനുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | 20.07.2013-ലെ സ.ഉ. (സാധാ). 171/13/ITD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിക്കപ്പെട്ട കരാർ വ്യസ്ഥകൾ ലംഘിക്കുകയോ ക്രമക്കേട് നടത്തുകയോ പ്രവർത്തനം മോശമാവുകയോ ചെയ്യുന്ന അവസരത്തിൽ അക്ഷയ സെന്ററിന്റെ അംഗീകാരം റദ്ദാക്കുവാൻ കേരള സ്റ്റേറ്റ് ഐടി മിഷന് അധികാരമുണ്ട്. |
| (ബി) | മിക്ക അക്ഷയ കേന്ദ്രങ്ങളിലും ആവശ്യത്തിന് ജീവനക്കാരും ഓഫീസ് സൗകര്യങ്ങളും ഇല്ലാത്തതിനാലും കെട്ടിടങ്ങളുടെ മുകളിലത്തെ നിലകളിൽ പ്രവർത്തിക്കുന്നതിനാലും വൃദ്ധജനങ്ങളും രോഗികളും ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | അക്ഷയകേന്ദ്രങ്ങളിൽ വളരെയധികം തിരക്കു വരുന്ന സന്ദർഭങ്ങളിൽ വൃദ്ധ ജനങ്ങൾക്കും മറ്റും പ്രത്യേക പരിഗണന നൽകണമെന്നും, ജനങ്ങളുടെ ബുദ്ധി മുട്ട് ഒഴിവാക്കുന്ന രീതിയിലായിരിക്കണം അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കേണ്ടതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | പുതുതായി തുടങ്ങുന്ന എല്ലാ അക്ഷയകേന്ദ്രങ്ങളിലും പഴയ അക്ഷയ കേന്ദ്രങ്ങളിൽ ഘട്ടം ഘട്ടമായും ടോയ് ലെറ്റ് , കുടിവെള്ളം, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ "അക്ഷയ ബ്രാൻഡിംഗ്" എന്ന പദ്ധതി തുടങ്ങിയിട്ടുണ്ട് . ഇതു കൂടാതെ പുതുതായി തുടങ്ങുന്ന അക്ഷയ കേന്ദ്രങ്ങൾ കഴിവതും താഴത്തെ നിലയിൽ തന്നെ ആയിരിക്കാൻ ശ്രദ്ധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ.